

**ടി. കേ. ജോസ്, ഐ. എ. എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ജല വിഭവ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

തീയതി 14.06.2020

# സന്ദേശം

ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ കേരളത്തിൽ പൂർണതോതിൽ പ്രവർത്തനമാരംഭിക്കുകയാണ്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച് സമൃദ്ധമായ വർഷപാതം കൊണ്ട് സമ്പന്നമാണ് കേരളം. വാർഷിക ശരാശരി 330 സെൻറീമീറ്റർ മഴ കേരളത്തിൽ ലഭിക്കുന്നു എങ്കിലും വേനൽക്കാലത്തെ അഞ്ചു മാസക്കാലം വരൾച്ചയും കുടിവെള്ള ക്ഷാമവും നിത്യസംഭവങ്ങളാണ്. കേരളത്തിൽ ഗ്രാമീണ മേഖലയിൽ 30% കുടുംബങ്ങളിൽ താഴെ മാത്രമാണ് പൈപ്പിലൂടെയുള്ള ശുദ്ധജല വിതരണം നിലവിലുള്ളത്. ഗ്രാമപ്രദേശങ്ങളിൽ ധാരാളം കിണറുകൾ ഉണ്ടായിരിക്കുകയും അവയിൽ എല്ലാ കാലത്തും കുടിവെള്ളം ലഭ്യമായിരിക്കയും ചെയ്തിരുന്ന കാലഘട്ടത്തിൽ പൈപ്പ് വഴിയുള്ള കുടിവെള്ളം മുൻഗണനയിൽ ചിന്തിച്ചിരുന്നില്ല. എന്നാൽ കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും മൂലം പണ്ട് വേനൽക്കാലത്തും കുടിവെള്ളം ലഭിച്ചിരുന്ന കിണറുകളിൽ നല്ല പങ്കും വേനൽകാലത്ത് വറ്റി വരളുന്നു. വേനൽക്കാലത്ത് കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്തുകൾ എല്ലാ വർഷവും വലിയ തുക ചെലവിടേണ്ടി വരുന്നുണ്ട് . പലപ്പോഴും ഇങ്ങനെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മയും ഉറപ്പു വരുത്താനാകില്ല. കൂടാതെ നിലവിൽ ജലമുള്ള കിണറുകളിൽ പോലും മാലിന്യങ്ങൾ എത്തുന്നു. ഭൂജലം തന്നെ കൂടുതലായി മലിനമാക്കപ്പെട്ടു കൊണ്ടിരിക്കുന്ന വേളയിൽ എല്ലാ കുടുംബങ്ങൾക്കും പൈപ്പ് വഴി ശുദ്ധജലം വർഷം മുഴുവനും ഉറപ്പാക്കുന്നതിന് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ വഴി നാം പരിശ്രമിക്കുകയാണ്.

നിലവിലുള്ള 941 ഗ്രാമപഞ്ചായത്തുകളിലെ 100% കുടുംബങ്ങൾക്കും നാലുവർഷം കൊണ്ട് വീടുകളിൽ ശുദ്ധജലം പൈപ്പിലൂടെ എത്തിക്കുക എന്നതാണ് നമ്മുടെ ദൗത്യം. ഈ വർഷം ചുരുങ്ങിയത് 10 ലക്ഷം കുടുംബങ്ങളിൽ കൂടി പൈപ്പ് വഴി ശുദ്ധജലം എത്തിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. അതിനായുള്ള സമഗ്രവും സംയോചിതവുമായ പ്രവർത്തനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. സംസ്ഥാന ഗവണ്മെന്റ് വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് മിഷൻ, ആർദ്രം, സമഗ്രവിദ്യാഭ്യാസ യജ്ഞം, ഹരിതകേരള മിഷൻ എന്നിവയോടൊപ്പം അതേ പ്രാധാന്യത്തോടെ ജല ജീവൻ മിഷൻ പ്രവർത്തനങ്ങളും നമുക്ക് ഏറ്റെടുത്തു വിജയിപ്പിക്കേണ്ടതുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വിഭവങ്ങളോടൊപ്പം തദ്ദേശ ഗവൺമെന്റുകളുടെയും നേതൃത്വവും പദ്ധതി വിഹിതവും പൊതുജന പങ്കാളിത്തവും ജല ജീവൻ മിഷൻ പ്രവർത്തന വിജയത്തിന് ആവശ്യമാണ്. ഈ കൈപുസ്തകം ഇതിനുള്ള ഒരു വഴികാട്ടിയാണ്. ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിനും ജനങ്ങളുടെ അറിവിലേയ്ക്കായും ഈ മിഷന്റെ പ്രവർത്തന പങ്കാളികളായ എല്ലാവർക്കും ഈ കൈപ്പുസ്തകം പ്രയോജനകരമാവട്ടെ എന്നാശംസിക്കുന്നു.

14/6/2020

**ടി. കേ. ജോസ്, ഐ. എ. എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി**
**ആഭ്യന്തരം, വിജിലൻസ്, ജല വിഭവ വകുപ്പ്**



ഡോ. ബി. അശോക്, ഐ. എ. എസ്.
സെക്രട്ടറി

ജല വിഭവ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
തീയതി 15.06.2020

## സന്ദേശം

ജലജീവൻ മിഷൻ സമ്പൂർണ്ണ ഗ്രാമീണ കടിവെള്ള പദ്ധതി കേരളത്തിന് ഗ്രാമീണ ശുദ്ധജല വിതരണം പൂർണ്ണതയിൽ എത്തിക്കാനുള്ള വലിയൊരു അവസരമാണ്. സ്ഥിതിവിവരക്കണക്കുകൾക്കപ്പുറം ഗ്രാമീണജനതയുടെ കുടിവെള്ള ലഭ്യത ഒരു മനുഷ്യാവകാശ സാക്ഷാത്കാരമാണ്.

പൈപ്പിലൂടെ കടിവെള്ളം ലഭിക്കണമെന്നത് കേരളത്തിന്റെ സാഹചര്യത്തിൽ പൂർണമാകാൻ ഒട്ടേറെ തടസ്സങ്ങളുണ്ട്. വിസ്തൃതമായ ഗ്രാമീണ ആവാസവ്യവസ്ഥ കുഴൽ ജലവിതരണം ചിലവേറിയതാക്കുന്നു. ആളോഹരി ചിലവ് അതിനാൽ തന്നെ കൂടും. ജലജീവൻ മിഷന്റെ സാമ്പത്തിക ബാധ്യത മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാകും.

എന്നിരിക്കലും ശക്തങ്ങളായ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് ജലജീവൻ മിഷൻ പദ്ധതി ഒരു വലിയ അവസരമാണ്. കടിവെള്ള വിതരണത്തിന് 20-30 ലക്ഷം രൂപ ചെലവിടാനിരിക്കുന്ന ഒരു ഗ്രാമപഞ്ചായത്തിന് ഗുണഭോക്തൃവിഹിതം കഴിച്ച് 75% അധിക ധനസഹായം മിഷനിൽ ലഭിക്കുന്നു. 25 ലക്ഷം രൂപ നീക്കി വച്ചാൽ ഒരു കോടി രൂപ ചിലവുള്ള പദ്ധതി നടപ്പിലാക്കാം. എം.എൽ.എ. ഫണ്ട് സി.എസ്.ആർ ഫണ്ടുകൾ, തനതു ഫണ്ട് എന്നിവയും ഇതിനായി ഉപയോഗിക്കാം. ദുർബല ജനവിഭാഗങ്ങളുടെ ഗുണഭോക്തൃ വിഹിതവും പഞ്ചായത്തുകൾക്ക് ഒടുക്കാൻ സ്വാതന്ത്ര്യമുണ്ട്. മത്സ്യതൊഴിലാളി ക്ഷേമം, എസ്.സി/എസ്.ടി വികസന വകുപ്പുകൾ എന്നിവയ്ക്കും ഗുണഭോക്തൃവിഹിതത്തിൽ അവരുടെ നിശ്ചയമുണ്ടെങ്കിൽ പങ്കെടുക്കാം.

കേവലം ധനകാര്യ ലഭ്യത കൊണ്ട് പദ്ധതി വിജയിക്കില്ല. മികച്ച നിർവഹണ മാതൃകകളും ജലഅതോറിറ്റി, ജലനിധി എന്നിവയുടെ സാങ്കേതിക സഹായവും ഉപയോഗിക്കണം. ഇവയൊക്കെ പഞ്ചായത്തുകളും ജില്ലാ ജല മിഷനും സംസ്ഥാന മിഷനും രൂപം കൊടുക്കുന്ന ആക്ഷൻ പ്ലാനുകളിൽ ഫലപ്രദമായി പ്രതിഫലിക്കണം.

2020-ൽ തദ്ദേശഭരണ തെരഞ്ഞെടുപ്പ് കൂടി വരുന്നതിനാൽ വലിയ ഒരു തുടക്കവും പുതിയ ഭരണ സമിതികൾക്ക് വലിയ അവസരവുമാണ് ജലജീവൻ മിഷൻ. ഉത്തരവാദിത്വത്തോടെ എല്ലാവരും പദ്ധതിയെ നെഞ്ചേറ്റുമെന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും, ബഹു. മുഖ്യമന്ത്രി, ജലവിഭവവകുപ്പ് മന്ത്രിമാരുടെ പ്രതീക്ഷകളിൽ ഞാനും വിനയപൂർവ്വം പങ്കുചേരുന്നു.

ഡോ. ബി. അശോക്, ഐ.എ.എസ്.
സെക്രട്ടറി, ജലവിഭവവകുപ്പ്